**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4696 14.11.2019-ൽ മറുപടിയ്ക്ക്**

**നെന്മാറ നിയോജകമണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവൃത്തികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ. ബാബു** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| എ) നെന്മാറ നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന മലയോര ഹൈവേയുടെ പ്രവൃത്തികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ;<br><br>(ബി) ഈ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചതെന്നും വിശദമാക്കുമോ? | (എ) & (ബി) മലയോര ഹൈവേയുടെ ഒന്നാമത്തെ റീച്ചായ വടക്കഞ്ചേരി മുതൽ കൊല്ലങ്കോട് വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ,. കിഫ്ബിയിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഈ സംസ്ഥാന പാത ദേശീയപാതയായി ഉയർത്തുവാൻ കേന്ദ്ര ഗവൺമെന്റിന്റെ നോട്ടീഫിക്കേഷൻ വന്ന സാഹചര്യത്തിൽ ഈ പദ്ധതി മലയോര ഹൈവേയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>എന്നിരിന്നാലും പ്രസ്തുത റോഡ് ദേശീയപാതയായി ഉയർത്തുവാൻ കാലതാമസം നേരിടുന്നതിനാൽ മലയോര ഹൈവേ ഒന്നാം റീച്ചായ വടക്കഞ്ചേരി മുതൽ കൊല്ലങ്കോട് വരെയുള്ള പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ ശ്രമിച്ചെങ്കിലും മലയോര ഹൈവേയ്ക്ക് 12 മീറ്റർ വീതി നിർബന്ധമായതിനാൽ ടി പ്രവൃത്തി കടന്നുപോകുന്ന നെന്മാറ, കൊല്ലങ്കോട് എന്നീ സ്ഥലങ്ങളിൽ ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യമായതിനാൽ പദ്ധതിയുമായി മുന്നോട്ടു പോകുവാൻ സാധിച്ചിട്ടില്ല.<br>മലയോര ഹൈവേയുടെ രണ്ടാം റീച്ചായ കൂട്ടുപാത മുതൽ കൊല്ലങ്കോട് വരെ (27.90 കി.മീ.) എന്ന പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിലേക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ 12 മീറ്റർ വീതിയ്ക്ക് ആവശ്യമായ 2.20 ഹെക്ടർ ഭൂമി ഫ്രീ സറണ്ടറായി ലഭ്യമല്ലാത്തതിനാൽ കിഫ്ബിയിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല. ദേശീയപാത വിജ്ഞാപനം ഉണ്ടെങ്കിലും ഉടനെ ഒന്നും നടക്കാൻ സാധ്യതയില്ല. അതിനാൽ 12 മീറ്റർ ഉണ്ടെങ്കിൽ ടെൻഡർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ